മത്സര പരീക്ഷാ പരിശീലന പദ്ധതി

15(*195) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്കായി സൗജന്യ മത്സരപരീക്ഷാ പരിശീലന പദ്ധതി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) ഉണ്ട്.

(ബി) യുവജനങ്ങൾക്ക് സൗജന്യമായി മത്സര പരീക്ഷാ പരിശീലനം നൽകി സർക്കാർ, ബാങ്കിംഗ് മേഖലയിൽ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം

(സി) എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് സമർപ്പിച്ച പദ്ധതിക്ക് യുവജനക്ഷേമ ബോർഡ് അനുമതി നൽകി നടപ്പിലാക്കിവരുന്നു. പത്ര പരസ്യത്തിലൂടെയും പോസ്റ്ററുകളിലൂടെയും വേണ്ടത്ര പ്രചരണം നൽകിയാണ് 2013-14 സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കിയത്. 52,08,000 രൂപ ഇതിനായി ചെലവഴിച്ചു.

റെയിൽവേ വികസനം

16(*T196) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. സാജു പോൾ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ വികസനത്തിൽ സംസ്ഥാനത്തിന്റെ ദീർഘകാലമായുള്ള ആവശ്യങ്ങളിൽ കേന്ദ്ര സർക്കാർ കൈക്കൊള്ളുന്ന നിലപാട് തിരുത്തിക്കാനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly